**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **05-12-2022 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റ് ന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ച പദ്ധതി പണം ഉപയോഗിച്ച സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും 2018-ൽ ഒരു കോടി പതിനഞ്ച് ലക്ഷത്തിൽപരം രൂപ ചെലവാക്കി ക്ലൗഡ് അധിഷ്ഠിത കസ്റ്റമർ എൻഗേജ്മെന്റ് സൊല്യൂഷൻ സോഫ്റ്റ്‌വെയർ ( ഒറാക്കിൾ ഡേറ്റാ മാനേജ്മെന്റ് പ്ലാറ്റ്ഫോം- ഒരു വർഷ ലൈസൻസ് ) പർച്ചേസ് ഓർഡർ (214/2017-18, 178/2018-19) വാങ്ങിയിരുന്നോ; വിശദമാക്കുമോ; | (എ) | വാങ്ങിയിരുന്നു.<br><br>വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ വരുന്ന വിവരങ്ങളുടെ ഡാറ്റ, ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച പരിശോധന നടത്തി പ്രതികരണങ്ങളും മേൽനടപടികളും സ്വീകരിക്കുവാൻ സർക്കാർ വകുപ്പുകളെയും സ്ഥാപനങ്ങളെയും സഹായിക്കുന്ന ജോലിയിൽ സിഡിറ്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായാണ് ഈ സോഫ്റ്റ് വെയർ വാങ്ങിയത്. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ വാർഷിക കാലാവധി തീരും വരെ ലോഗ് ഇൻ അവകാശങ്ങൾ ഉണ്ടായിരുന്ന സി-ഡിറ്റിലെ ഉദ്യോഗസ്ഥരുടെ പേരു വിവരം വിശദമാക്കുമോ; | (ബി) | അന്നത്തെ സിഡിറ്റിന്റെ രജിസ്ട്രാർക്കാണ് (registrar@cdit.org) സോഫ്റ്റ് വെയർ ലോഗ്-ഇൻ അവകാശങ്ങൾ നൽകിയിരുന്നത്. രജിസ്ട്രാറിന്റെ അനുമതിയോടെ ബന്ധപ്പെട്ട പ്രോജക്റ്റ് നിർവഹണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും (സന്ദീപ് സുദർശൻ, ഡോ. പി. വി. ഉണ്ണികൃഷ്ണൻ) ഈ ലോഗ്-ഇൻ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.<br><br>സിഡിറ്റിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനും, KSFE പ്രവാസി ചിട്ടി, K-DISC നടപ്പിലാക്കിയ യംഗ് ഇന്നോവേറ്റെഴ്സ് പ്രോഗ്രാം, CMDRF സംഭാവന പോർട്ടൽ തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച ഈ ഉദ്യോഗസ്ഥർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | അന്നത്തെ സിഡിറ്റിന്റെ രജിസ്ട്രാർക്കാണ് (registrar@cdit.org) സോഫ്റ്റ് വെയർ ലോഗ്-ഇൻ അവകാശങ്ങൾ നൽകിയിരുന്നത്. രജിസ്ട്രാറിന്റെ അനുമതിയോടെ ബന്ധപ്പെട്ട പ്രോജക്റ്റ് നിർവഹണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും (സന്ദീപ് സുദർശൻ, ഡോ. പി. വി. ഉണ്ണികൃഷ്ണൻ) ഈ ലോഗ്-ഇൻ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.<br><br>സിഡിറ്റിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനും, KSFE പ്രവാസി ചിട്ടി, |

| | | | |
|---|---|---|---|
| | | | K-DISC നടപ്പിലാക്കിയ യംഗ് ഇന്നോവേറ്റെഴ്സ് പ്രോഗ്രാം, CMDRF സംഭാവന പോർട്ടൽ തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ